# അവിശ്വാസമാണ് മറ്റെല്ലാ പാപങ്ങളുടെയും മൂലകാരണം

സാക് പുന്നൻ

WFTW 20 ഏപ്രിൽ 2014

1 യോഹ. 2:6 പറയുന്നു, 'അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു.'

എങ്ങനെയാണ് യേശു നടന്നത്. അവൻ വിജയകരമായി നടന്നത് ചില സമയങ്ങളിലാണോ അതോ അധികം സമയങ്ങളിലുമാണോ? അതോ എല്ലാ സമയങ്ങളിലുമാണോ? ഉത്തരം നമുക്കറിയാം. അവൻ സകലത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടു എന്നാൽ അവൻ ഒരിക്കലും പാപം ചെയ്തില്ല.

'നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹായം കാണിപ്പാൻ കഴിയാത്തവനല്ല. സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടിട്ടും പാപം ചെയ്യാത്ത ഒരുവനാണ് നമുക്കുള്ളത്' (എബ്രാ. 4:5).

ഇപ്പോൾ നമ്മോട് പറയുന്നത് അവൻ നടന്നതുപോലെ തന്നെ നടക്കുവാനാണ്. ഈ ഭൂമിയിൽ അത് സാധ്യമാണോ? നമുക്ക് ചെയ്യാൻ കഴിയില്ല എന്ന് അവനു നല്ലവണ്ണം അറിയാവുന്ന ഒരു കാര്യം ചെയ്യുവാൻ ദൈവം നമ്മോട് പറയുമോ? ഇല്ല. അത് സങ്കല്പിക്കുവാൻ പറ്റാത്ത ഒന്നാണ്. ഭൌമീക പിതാക്കൻമാർ പോലും യുക്തിരഹിതമായ നിർബന്ധങ്ങൾ തങ്ങളുടെ മക്കളുടെ മേൽ ചുമത്താറില്ല. എത്രമാത്രം കുറവായിരിക്കും ദൈവം ചെയ്യുക!

പുതിയ നിയമത്തിൽ എഴുതപ്പെട്ടിരിക്കുന്ന ഏറ്റവും ദുഃഖകരമായ ചില വാക്കുകൾ കാണപ്പെടുന്നത് മത്തായി 13:58ൽ ആണ്. 'അവരുടെ അവിശ്വാസം നിമിത്തം അവിടെ വളരെ വീര്യപ്രവൃത്തികൾ അവൻ ചെയ്തില്ല.' മർക്കോസ് 6:5ൽ ഇതിനു സമാന്തരമായ വേദഭാഗം പറയുന്നു 'അവന് അവിടെ വീര്യപ്രവൃത്തികൾ ഒന്നം ചെയ്യുവാൻ കഴിഞ്ഞില്ല.'

അവന്റെ സ്വന്തം പട്ടണത്തിലുള്ള ആളുകൾക്കുവേണ്ടി വലിയ കാര്യങ്ങൾ ചെയ്യാൻ അവൻ ആഗ്രഹിച്ചിരുന്നു. എന്നാൽ അവരുടെ അവിശ്വാസം അവനെ പരിമിതപ്പെടുത്തി. ദൈവം നമുക്കുവേണ്ടി ചെയ്യാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യാൻ കഴിയാത്തവിധം സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളെ അവിശ്വാസം കെട്ടിക്കളയുന്നു.

ദൈവം നിങ്ങൾക്കുവേണ്ടി ചെയ്യാൻ ആഗ്രഹിച്ചതും എന്നാൽ നിങ്ങളുടെ അവിശ്വാസം കാരണം അവനു ചെയ്യാൻ കഴിയാതെ പോയതുമായ വീര്യപ്രവൃത്തികൾ ഉണ്ടായിട്ടുണ്ടോ എന്ന് ഞാൻ അത്ഭുതപ്പെടുന്നു. ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ നമ്മിൽ ആർക്കെങ്കിലും ഈ വാക്കുകൾ കേൾക്കേണ്ടി വരുമോ, 'നിനക്കുവേണ്ടിയും നിന്നിലൂടെയും ഞാൻ ചെയ്യാൻ ആഗ്രഹിച്ചത് എല്ലാം എനിക്കു നിന്റെ അവിശ്വാസം മൂലം ചെയ്യാൻ കഴിഞ്ഞില്ല.' നമ്മുടെ ഭൌമീക ജീവിതത്തിന്റെ അവസാനം ഈ കാര്യം നാം കണ്ടെത്തിയാൽ നമ്മുടെ ഹൃദയങ്ങളിൽ എന്തു ദുഃഖം ഉണ്ടാകും. അതിനെക്കുറിച്ച് നാം ഇപ്പോൾ തന്നെ ചിന്തിക്കുന്നതാണ് നല്ലത്.

പാപത്തിൻമേൽ ജയമുള്ള ഒരു ജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനും ഇതേ പ്രമാണം തന്നെയാണ് പ്രയോഗിക്കുന്നത്. നമുക്ക് ഇതിനുവേണ്ടി ഉപവസിക്കുകയും, പ്രാർത്ഥിക്കുകയും, അതിനായി ദാഹിക്കുകയും ചെയ്യാം എങ്കിലും അങ്ങനെയൊരു ജീവിതത്തിലേക്കു നമ്മെ നയിക്കാൻ ദൈവത്തിനു കഴിയുമെന്നും അവൻ നമ്മെ അതിലേക്കു നയിക്കുമെന്നും നാം വിശ്വസിക്കുന്നതുവരെ നമുക്ക് എങ്ങും എത്തിച്ചേരുവാൻ കഴിയുകയില്ല.

സാത്താനറിയാം നിങ്ങൾക്ക് വിശ്വാസത്തിലൂടെ അല്ലാതെ ദൈവത്തിൽനിന്ന് ഒന്നും പ്രാപിക്കാൻ കഴിയുകയില്ലെന്ന്. അവൻ നിങ്ങളുടെ ഹൃദയത്തെ അവിശ്വാസംകൊണ്ടു നിറയ്ക്കുവാൻ എപ്രകാരം

പരിശ്രമിക്കുമെന്ന് നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയും. അവിശ്വാസം എന്നത് ഭോഷ്ക് പറയുന്നതിനെക്കാളും അല്ലെങ്കിൽ വ്യഭിചാരത്തെക്കാളും വലിയ പാപമാണ്. കാരണം, രണ്ടാമത് പറഞ്ഞവ പാപമെന്ന് എളുപ്പം തിരിച്ചറിയാവുന്നതാണ്. എന്നാൽ അവിശ്വാസം അങ്ങനെയല്ല.

എബ്രാ. 3:12ൽ പറയുന്നു 'സഹോദരന്മാരെ, ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിക്കേണ്ടതിന് അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ.'

അവിശ്വാസമുള്ള ഒരു ദുഷ്ടഹൃദയത്തിനു നമ്മെ ദൈവത്തിൽ നിന്നകറ്റി വീഴ്ത്തുവാൻ കഴിയും. അവിശ്വാസമാണ് മറ്റെല്ലാ പാപങ്ങളുടെയും മൂലകാരണം.

റോമർ 6:14 പറയുന്നു. 'നിങ്ങൾ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർതൃത്വം നടത്തുകയില്ലല്ലോ.'

അവിടെ പരിശുദ്ധാത്മാവ് നമ്മോടു വ്യക്തമായി പറയുന്നത് നാം കൃപയ്ക്കധീനരാണെങ്കിൽ, പാപത്തിനു നമ്മുടെ മേൽ അധികാരം നടത്താൻ കഴിയുകയില്ല എന്നാണ്. ഒരു കൊച്ചുകുഞ്ഞിനുപോലും മനസ്സിലാക്കാൻ കഴിയുന്നത്ര സ്പഷ്ടമായിട്ടാണ് അത് എഴുതപ്പെട്ടിരിക്കുന്നത്. എന്നിട്ടുപോലും അനേകം വിശ്വാസികളും ഇപ്പോഴും പാപത്തിന്മേൽ ജയമുള്ള ഒരു ജീവിതം ജീവിക്കുന്നതിനുള്ള സാധ്യതയിൽ വിശ്വസിക്കുന്നില്ല.

നിങ്ങൾ ജയത്തിൽ ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നിങ്ങളുടെ ചിന്താജീവിതം എത്ര മലിനതയുള്ളതായാലും, അല്ലെങ്കിൽ നിങ്ങൾ വളരെ നാളുകളായി കോപത്താൽ പരാജയപ്പെട്ടുകൊണ്ടിരിക്കുന്നെങ്കിലും അതു കാര്യമല്ല. കർത്താവിനു നിങ്ങളെ പൂർണ്ണമായി സ്വതന്ത്രരാക്കുവാനും നിങ്ങൾക്ക് ഒരു നിർമ്മലഹൃദയം തരുവാനും കഴിയും. എന്നാൽ നിങ്ങൾ അതു വിശ്വസിക്കുന്നതുവരെ അവനത് ചെയ്യാൻ കഴിയുകയില്ല.

വേദപുസ്തകം പറയുന്നത് നാം ഹൃദയത്തിൽ വിശ്വസിക്കുന്നത് വായ്കൊണ്ട് ഏറ്റു പറയണമെന്നാണ്. റോമ. 10:10 പറയുന്നു 'ഹൃദയംകൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റുപറയുകയും ചെയ്യുന്നു.'

ഇത് വളരെ പ്രാധാന്യമുള്ള ഒരു പ്രമാണമാണ്. കാരണം വായ്കൊണ്ടുള്ള ഏറ്റുപറച്ചിലിലൂടെയാണ് നാം നമ്മുടെ വിശ്വാസം പ്രകടമാക്കുന്നത്. ഇത് ക്രമേണ നമ്മെ പാപത്തിന്റെ ശക്തിയിൽനിന്നുള്ള വിടുതലിലേക്കു നയിക്കുന്നു. അതുകൊണ്ടു നാം സാത്താനോടു നമ്മുടെ സാക്ഷ്യവചനം സംസാരിക്കണം. 'ദൈവം എന്നെ പാപത്തിൻമേൽ ജയമുള്ള ഒരു ജീവിതത്തിലേക്കു നയിക്കാൻ പോകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു' അങ്ങനെ നമുക്കു സാത്താനെ ജയിക്കാം.

(മൊഴിമാറ്റം: സാജു ജോസഫ്)